REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-10-2023** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത തടസ്സമല്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം.**
- **സഹകരണ മേഖലയിലെ ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്താൻ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതായി മന്ത്രി V.N വാസവൻ.**
- **CITU അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ.**
- **കൊച്ചി മുനമ്പത്തിനടുത്ത് മത്സ്യബന്ധന ബോട്ട് മുങ്ങി നാലുപേരെ കാണാതായി. മൂന്നു പേരെ രക്ഷപ്പെടുത്തി.**
- **ലോകകപ്പ് ഏകദിന ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ ന്യൂസിലന്റിന് ജയം. ഇംഗ്ലണ്ടിനെ തോൽപ്പിച്ചത് ഒൻപത് വിക്കറ്റിന്.**
- **ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും.**

## വാർത്തകൾ വിശദമായി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യത തടസ്സമല്ലെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡിമാൻഡ് അടിസ്ഥാനമാക്കിയ വേതന തൊഴിൽ പരിപാടിയാണെന്നും

സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും ഫണ്ട് അനുവദിക്കുന്നത് തുടർച്ചയായ പ്രക്രിയയാണെന്നും മന്ത്രാലയം വ്യക്തമാക്കി . ജോലിയുടെ ആവശ്യം കണക്കിലെടുത്ത് കേന്ദ്ര ഗവണ്മെന്റ് ഫണ്ട് ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ഗവണ്മെന്റ് ഓഫീസുകളിൽ ശുചിത്വം പാലിക്കുന്നതിനും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനും സ്വച്ഛ്ഭാരത് സ്പെഷ്യൽ ക്യാമ്പയിൻ 3.0 ന്റെ ഭാഗമായി ദ്രുതഗതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്ര ഭരണപരിഷ്കര -പൊതു ഭരണവകുപ്പ് മന്ത്രാലയം അറിയിച്ചു. ഗാന്ധി ജയന്തി ദിനത്തിൽ ആരംഭിച്ച പ്രചാരണ പ്രവർത്തനങ്ങൾ ഈ മാസം 31 വരെ തുടരും. പാർലമെന്ററി കാര്യ മന്ത്രാലയമടക്കം വിവിധ മന്ത്രാലയങ്ങളുടെ നേതൃത്വത്തിൽ പൊതു ജനങ്ങളുടെ പരാതികൾ ഫലപ്രദമായി തീർപ്പാക്കുന്നതിനും ശുചീകരണ പ്രവത്തനങ്ങൾ നടത്തുന്നതിനും കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

✪✪✪

സിക്കിമിൽ മിന്നൽ പ്രളയത്തിൽ ഇതുവരെ 18 പേർ മരിച്ചതായി സംസ്ഥാന ചീഫ് സെക്രട്ടറി VB പഥക് അറിയിച്ചു. 26 പേർക്ക് പരിക്കേറ്റു. സൈനികരുൾപ്പെടെ 98 പേരെ കാണാതായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മങ്കൻ ജില്ലയിലെ ലാച്ചൻ, ലാച്ചും പ്രദേശങ്ങളിൽ കുടുങ്ങിയ വിനോദസഞ്ചാരികൾ സുരക്ഷിതരാണെന്നും അദ്ദേഹം പറഞ്ഞു. ഇവരിൽ മലയാളികളുണ്ടെന്നാണ് റിപ്പോർട്ട്.

✪✪✪

ജമ്മു കശ്മീർ ഡമോക്രാറ്റിക് ഫ്രീഡം പാർട്ടി , J.K.D.F നെ UAPA നിയമത്തിലെ വകുപ്പുകൾ അനുസരിച്ചു കേന്ദ്ര ഗവണ്മെന്റ് നിരോധിച്ചു. 1998 മുതൽ ഈ സംഘടന ദേശ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനെ തുടർന്നാണ് നിരോധനം ഏർപ്പെടുത്തിയത്. രാജ്യത്ത് വിഘടനവാദത്തെയും തീവ്രവാദ പ്രവർത്തനങ്ങളെയും എല്ലായ്പ്പോഴും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സംഘടനയുടേതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

ജനങ്ങളെ ഇന്ത്യയുടെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും എതിരാക്കുന്നതിനും കശ്മീരിനെ ഇസ്ലാമിക രാഷ്ട്രമാക്കാനുമാണ് JKDF അംഗങ്ങൾ ആഗ്രഹിക്കുന്നതെന്നും ആഭ്യന്തരമന്ത്രാലയം വ്യക്തമാക്കി.

✪✪✪

ഗവണ്മെന്റ് നൽകുന്ന ഏത് തിരിച്ചറിയൽ കാർഡും മേൽവിലാസ രേഖകളും ഉപയോഗിച്ചു രാജ്യത്തെ പൗരന്മാർക്ക് ഇനി ഡ്രോൺ പൈലറ്റുമാരാകാമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചു. ഇതിനായി പുതിയ ഡ്രോൺ ഭേദഗതി ചട്ടങ്ങൾ ഗവൺമെന്റ് വിജ്ഞാപനം ചെയ്തു. ഇതനുസരിച്ച് ഡ്രോൺ പൈലറ്റ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കാൻ ഗവണ്മെന്റ് നൽകുന്ന തിരിച്ചറിയൽ രേഖയോ, വോട്ടർ തിരിച്ചറിയൽ കാർഡോ റേഷൻ കാർഡോ ഡ്രൈവിംഗ് ലൈസൻസോ ഉപയോഗിക്കാം . രാജ്യത്തുടനീളം ഡ്രോൺ പ്രവർത്തനങ്ങൾ കൂടുതൽ ഉദാരമാക്കാനും പ്രോത്സാഹിപ്പിക്കാനും 2030 ഓടെ ഇന്ത്യയെ ആഗോള ഡ്രോൺ ഹബ്ബാക്കി മാറ്റാനുമാണ് ശ്രമമെന്നും വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

✪✪✪

സഹകരണ മേഖലയിലെ ക്രമക്കേടുകൾ സമയബന്ധിതമായി കണ്ടെത്താൻ നിയമ ഭേദഗതിയുൾപ്പെടെ ശക്തമായ നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നതെന്ന് മന്ത്രി V.N വാസവൻ പറഞ്ഞു. കോഴിക്കോട് സഹകരണ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ചേർന്ന സഹകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സഹകരണ സംഘങ്ങളിലെ പരിശോധന കർശനമാക്കും. കൺകറന്റ് ഓഡിറ്റിംഗ് മാറ്റി ടീം ഓഡിറ്റിംഗ് കൊണ്ടു വരുകയാണ്. ഭരണ സമിതിയിൽ മൂന്നു തവണയിൽ കൂടുതൽ ഒരാൾക്ക് ഇരിക്കാനാവില്ലെന്നും മന്ത്രി പറഞ്ഞു .

✪✪✪

മാലിന്യ സംസ്കരണ ശീലങ്ങൾ വളർത്താനായി നിയമഭേദഗതി കൊണ്ടുവരുമെന്നും പഞ്ചായത്തി രാജ് നിയമം ഭേദഗതി ചെയ്ത് മാലിന്യ സംസ്കരണ പ്ലാന്റ് നിയമം കൊണ്ടുവരുമെന്നും മന്ത്രി M.B രാജേഷ് പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിക്ക് സമീപത്തായി കോർപ്പറേഷൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച മലിന ജല സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

മൂന്ന് മാസത്തിനുള്ളിൽ സംസ്ഥാനത്ത് ഒൻപത് മലിന ജല ശുചീകരണ പ്ലാന്റുകൾ ഉദ്ഘാടനം ചെയ്യും. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്യുന്നവരുടെ കൈ പൊള്ളുമെന്നും നിയമം കർശനമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കേരളത്തെ രാജ്യത്തെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹാർദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി

ഡോ R ബിന്ദു പറഞ്ഞു. ഭിന്നശേഷി സഹായ ഉപകരണങ്ങളുടെയും ക്ഷേമ പദ്ധതി ആനുകൂല്യങ്ങളുടെയും കോഴിക്കോട് ജില്ലാതല വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഭിന്നശേഷിക്കാരുടെ ഉൽപ്പന്നങ്ങൾ ഗവൺമെന്റിന്റെ തന്നെ വിപണ കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കുന്നതിനു തീരുമാനമെടുത്തതായും മന്ത്രി പറഞ്ഞു.

✪✪✪

സിനിമയെ വ്യവസായമായി കാണുന്ന തരത്തിൽ സിനിമാ നയം ഗവൺമെന്റ് തയ്യാറാക്കി വരികയാണെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു . സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷന് കീഴിലെ കോഴിക്കോട് കൈരളി, ശ്രീ തിയേറ്റർ സമുച്ചയത്തിൽ ഒരുക്കിയ 'വേദി' ഓഡിറ്റോറിയവും കോൺഫറൻസ് റൂമും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സിനിമ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യപ്പെട്ട് വരുന്ന എല്ലാവരെയും അതിൽ പങ്കാളികളാക്കുന്ന തരത്തിലും എല്ലാവരെയും സംരക്ഷിക്കുന്ന രീതിയിലും നയമാണ് ഗവൺമെന്റ് രൂപീകരിക്കുന്നതെന്ന് മന്ത്രി അറിയിച്ചു.

✪✪✪

CITU അഖിലേന്ത്യാ വൈസ് പ്രസിഡണ്ടും സംസ്ഥാന പ്രസിഡണ്ടും CPIM നേതാവും മുൻ MLA യുമായ ആനത്തലവട്ടം ആനന്ദന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ നടക്കും.

അർബുദ രോഗബാധയെത്തുടർന്ന് ഇന്നലെ വൈകിട്ട് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നു 86 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. രാത്രി ചിറയിൻകീഴ് ആനത്തലവട്ടത്തെ കുടുംബവീട്ടിലെത്തിച്ച മൃതദേഹത്തിൽ നിരവധിപേർ അന്ത്യാഞ്ജലി അർപ്പിച്ചു. രാവിലെ 11-ന് AKG സെന്ററിലും രണ്ടു മുതൽ CITU സംസ്ഥാന കമ്മിറ്റി ഓഫീസിലും പൊതുദർശനത്തിനു വെയ്ക്കും.

മൂന്നു തവണ ആറ്റിങ്ങലിൽ നിന്ന് നിയമസഭയിലെത്തിയ അദ്ദേഹം 2006 മുതൽ 2011 വരെ നിയമസഭയിൽ ചീഫ് വിപ്പായിരുന്നു. കയർഫെഡ് ചെയർമാൻ, കയർബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിലും പ്രവർത്തിച്ചു.

✪✪✪

ആനത്തലവട്ടം ആനന്ദന്റെ നിര്യാണത്തിൽ ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെ പ്രമുഖർ അനുശോചിച്ചു.

ആനത്തലവട്ടം ആനന്ദൻ പൊതുരംഗത്തും തൊഴിലാളി ക്ഷേമ പ്രവർത്തനത്തിലും നൽകിയ സേവനം സ്മരിക്കപ്പെടുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു.

തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിനുവേണ്ടി സ്വന്തം ജീവിതം തന്നെ സമർപ്പിച്ച ത്യാഗധനനായ നേതാവായിരുന്നു ആനത്തലവട്ടം ആനന്ദനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. നിയമസഭാ സ്പീക്കർ AN ഷംസീർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് V.D സതീശൻ, കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല തുടങ്ങിയവരും CITU സംസ്ഥാന കമ്മിറ്റിയും അനുശോചിച്ചു.

✪✪✪

കൊച്ചി മുനമ്പത്തിനടുത്ത് മത്സ്യബന്ധന ബോട്ട് മുങ്ങി നാലുപേരെ കാണാതായി. മൂന്നു പേരെ രക്ഷപ്പെടുത്തി. മാലിപ്പുറത്തുനിന്ന് പോയ ബോട്ടാണ് മുങ്ങിയത്. കോസ്റ്റ് ഗാർഡിന്റെയും ഫിഷറീസ് വകുപ്പിന്റെയും സഹായത്തോടെ കാണാതായവർക്ക് വേണ്ടി തിരച്ചിൽ തുടരുകയാണ് എന്ന് അഴീക്കോട് കോസ്റ്റൽ പോലീസ് അറിയിച്ചു.

✪✪✪

ലോകകപ്പ് ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ നിലവിൽ ചാമ്പ്യന്മാരായ ഇംഗ്ലണ്ടിനെ ന്യൂസിലന്റ് ഒൻപത് വിക്കറ്റിന് തോൽപ്പിച്ചു. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ടുയർത്തിയ 283 റൺസ് വിജയലക്ഷ്യം കിവികൾ അനായാസം മറികടന്നു. 36.2 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിലാണ് ന്യൂസിലാന്റ് ലക്ഷ്യം പിന്നിട്ടത്. കഴിഞ്ഞ ലോകകപ്പ് ഫൈനലിലേറ്റ തോൽവിക്കു മധുരപ്രതികാരമായി ന്യൂസിലന്റിന് ഈ ജയം.

രണ്ടാം വിക്കറ്റിൽ ഒന്നിച്ച ഡെവൺ കോൺവേ, രചിൻ രവീന്ദ്ര എന്നിവരുടെ തകർപ്പൻ സെഞ്ച്വറികളാണ് കീവീസിന് മിന്നും ജയം സമ്മാനിച്ചത്. ഇരുവരും ചേർന്ന് 273 റൺസാണ് അടിച്ചെടുത്തത്.

ഇന്ന് പാകിസ്ഥാൻ നെതർലാന്റ്സിനെ നേരിടും. ഹൈദരാബാദിലെ രാജീവ് ഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് രണ്ടിനാണ് മത്സരം.

✪✪✪

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ജപ്പാനെ നേരിടും. വൈകീട്ട് 4 നാണു മത്സരം. ജയിക്കാനായാൽ ഇന്ത്യ പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടും.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

പുരുഷ ക്രിക്കറ്റ് സെമിയിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ  മലയാളി താരം HS പ്രണോയ് സെമിഫൈനലിൽ മത്സരിക്കും. രാവിലെ 8.30 നാണു മത്സരം.

കബഡി വനിതാ, പുരുഷ സെമി, അമ്പെയ്ത്ത്, ഗുസ്തി, ബ്രിജ്, കനൂയിങ്-കയാക്കിങ്, ബാഡ്മിന്റൺ വനിതാ ഡബിൾസ് സെമി ഫൈനൽ മത്സരങ്ങളും ഇന്നാണ്.

അമ്പെയ്ത്തിൽ രണ്ടു സ്വർണവും സ്ക്വാഷ് മിക്സ്ഡ് വിഭാഗത്തിൽ ഒരു സ്വർണവുമാണ് ഇന്ത്യ ഇന്നലെ നേടിയത്. അമ്പെയ്ത്ത് കോമ്പൗണ്ട് വനിതാ വിഭാഗത്തിൽ ജ്യോതി-പർണീത്-അദിതി സഖ്യവും, പുരുഷ വിഭാഗത്തിൽ ഓജസ്-അഭിഷേക്-പ്രദമേഷ് സഖ്യവും സ്വർണം നേടി.

വനിതകളുടെ 53 കിലോ ഗുസ്തിയിൽ അന്തിം പൻഘാൽ വെങ്കലം നേടി. ഇതോടെ 21 സ്വർണവും 32 വെള്ളിയും 33 വെങ്കലവുമടക്കം 86 മെഡലുകളാണ് ഇന്ത്യയുടെ നേട്ടം.  നിലവിൽ മെഡൽ പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യ.

✪✪✪

അടുത്തമാസം രണ്ടിന് ഗോവയിൽ നടക്കുന്ന ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന ബീച്ച് വോളി പുരുഷ - വനിതാ ടീമുകളുടെ സെലക്ഷൻ നാളെ കോഴിക്കോട് ബീച്ചിൽ നടക്കുമെന്ന് സംസ്ഥാന വോളിബോൾ ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ CK ഉസ്മാൻഹാജി അറിയിച്ചു. രാവിലെ എട്ടിന് സെലക്ഷൻ ആരംഭിക്കുമെന്നും അദ്ദേഹം  പറഞ്ഞു.

✪✪✪

മണ്ണൊലിപ്പിനെ തുടർന്ന് വീടുകൾ അപകടാവസ്ഥയിലായ കണ്ണൂർ ജില്ലയിലെ ചിറക്കൽ കുണ്ടൻചാൽ കോളനിയിലെ 32 കുടുംബങ്ങളെയും പുനരധിവസിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന മേഖലാതല അവലോകന യോഗത്തിലാണ് തീരുമാനം.

ലൈഫ് പദ്ധതിയിൽപെടുത്തി ഓരോ കുടുംബത്തിനും വീട് വെച്ച് നൽകുകയോ കാട്ടാമ്പള്ളിയിൽ ഭവന സമുച്ചയം നിർമ്മിക്കുകയോ ചെയ്യാനാണ് ആലോചന. ഇതിനു പദ്ധതി  തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചതായി ജില്ലാ കളക്ടർ എസ് ചന്ദ്രശേഖർ അറിയിച്ചു.

✪✪✪